**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4734** **29-10-2021 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാരുടെ ക്ഷേമപെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കലാകാരന്മാരുടെ ക്ഷേമപെൻഷനുകളിൽ മറ്റ് ക്ഷേമപെൻഷനുകളെ അപേക്ഷിച്ച് ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | വർദ്ധനവുകൾ വരുത്തിയിട്ടുണ്ട്. 18.02.2021 ലെ സ.ഉ.(കൈ)നം.10/2021-സാം.കാ.വ. പ്രകാരം കലാകാര പെൻഷൻ 1500/- രൂപയിൽ നിന്നും 1600/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 4000/- രൂപയാണ് പെൻഷൻ നൽകിവരുന്നത്. ആയിരം രൂപയായിരുന്ന പെൻഷനാണ് മൂന്ന് ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് 4000/- രൂപയാക്കിയിട്ടുള്ളത്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രചുരപ്രചാരത്തിലുള്ളതും എന്നാൽ അന്യംനിന്നുകൊണ്ടിരിക്കുന്നതുമായ പൂരക്കളി, കോൽക്കളി, പരിചമുട്ട്, നാടൻപാട്ട്, നാട്ടിപ്പാട്ട്, വടക്കൻപാട്ട്, മംഗലപ്പാട്ട് തുടങ്ങിയ വൈവിധ്യമാർന്ന നാടൻകലാരൂപങ്ങളെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ? | (ബി) | പൂരക്കളി, കോൽക്കളി, നാടൻപാട്ട് എന്നീ നാടൻ കലാരൂപങ്ങളടക്കം 47 ഓളം കലാരൂപങ്ങൾക്ക് പരിപോഷണം നൽകുന്നതിന് സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് വഴി സൗജന്യ പരിശീലന പരിപാടികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്. നാടൻ കലകളടക്കം പരിചമുട്ട്, നാടൻപാട്ട്, വടക്കൻപാട്ട്, മംഗലപ്പാട്ട് എന്നീ കലാരൂപങ്ങളുടെ പരിപോഷണം സാംസ്കാരിക വകുപ്പിലെ കേരള ഫോക് ലോർ അക്കാദമി മുഖേനയാണ് നടത്തുന്നത്. പയ്യന്നൂരിലെ കേരള പൂരക്കളി അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിൽ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ ഇടങ്ങളിലെയും തനതു കലാരൂപങ്ങളെ തനിമയാർന്ന രീതിയിൽ ചിത്രീകരിച്ച് ഡിജിറ്റൽ ആർക്കൈവിംഗ് ചെയ്യുവാനുള്ള ദൗത്യം 'മഴമിഴി മൾട്ടിമീഡിയ മെഗാ സ്ക്രീമി'ലൂടെ ഭാരത് ഭവൻ നിർവഹിച്ചു വരികയാണ്. ഇപ്രകാരം ഇത്തരം നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഉതകുന്ന വിധത്തിലുള്ള വൈവിധ്യമാർന്ന പദ്ധതികൾ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ